# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.582 03/03/2020-ൽ മറുപടിക്ക്

**കുഴിമതിക്കാട് ആസ്ഥാനമാക്കി പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ്**

| | ചോദ്യം<br>**ശ്രീമതി.പി. അയിഷാ പോറ്റി** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച വൈദ്യുതി സെക്ഷൻ ഓഫീസുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് പുതുതായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടില്ല. എന്നാൽ മുൻ സർക്കാരുകളുടെ കാലത്ത് അനുവദിച്ചിരുന്ന പെരിങ്ങത്തൂർ, റാന്നി പെരിനാട്, വള്ളികുന്നം, മഞ്ഞള്ളൂർ, കോറോം, ചെറുപുഴ, നെല്ലിക്കുഴി, ആലക്കോട്, പുഴക്കാട്ടിരി, കാച്ചാണി, വെണ്മണി, ഉടുമ്പൻചോല, എടത്തല, സീതാൻഗോളി, വാളയാർ, കുമ്പാറ, വിളയൂർ, പന്തളം തെക്കേക്കര എന്നീ സെക്ഷൻ ഓഫീസുകൾ ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ബി) | കൊട്ടാരക്കര മണ്ഡലത്തിൽപ്പെടുന്ന കുഴിമതിക്കാട് ആസ്ഥാനമാക്കി പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിരുന്നോ; വ്യക്തമാക്കാമോ; | (ബി) & (സി) | കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന കുഴിമതിക്കാട് ആസ്ഥാനമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫിസ് ആരംഭിക്കുന്ന കാര്യം വിശദമായി പരിശോധിച്ചിരുന്നു.<br><br>പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ |
| (സി) | കുഴിമതിക്കാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ KSEBL ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി KSEBL നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന കുഴിമതിക്കാട് ആസ്ഥാനമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫിസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ